ശ്രീ. കെ. ടി. അച്യുതൻ : അടുത്തുതന്നെ അവസാനതീരുമാനമുണ്ടാകും. അതു ലോണായിട്ട കിട്ടുന്ന പണമാണു്. സഹായധനമായിട്ടല്ല, റെയിൽവേയിൽനിന്നും കിട്ടുന്നതാണു്. കാർപ്പൊറേഷനായിക്കഴിഞ്ഞാൽ അവരും പങ്കാളികളാണു്.

ശ്രീ. ജോജ്ജു് ജോസഫു് പൊടിപ്പാറ: കൈപ്പുഴ-കോട്ടയംവഴി ഇപ്പോഴും ട്രാൻസ്പോർട്ട ബസ്സുകളും ഓടുന്നുണ്ടു്. അതു നാഷണലൈസു് ചെയ്യാൻ നടപടി എടുക്കുമോ ?

മി. സ്പീക്കർ : ഓരോ റൂട്ടിന്റെ കാര്യവും പ്രത്യേകമായി ചോദിച്ചാൽ ബഹു: മന്ത്രി മറുപടി പറയുന്നതെങ്ങനെയാണു് ?

ശ്രീ. കെ. ടി. അച്യുതൻ : ടെമ്പററിയായിട്ട ട്രാൻസ്പോർട്ട ബസ്സുകളും ഓടിക്കുന്നതിനു പെർമിറ്റു കൊടുക്കും. മൂന്നുനാലു മാസം കഴിഞ്ഞു് പിന്നീടു് ആവശ്യമുണ്ടെന്നു കണ്ടാൽ പിന്നെ അതേപ്പറ്റി നടപടി നടത്തുന്നതാണു്.

ശ്രീ. ഒ. കോരൻ : ഇപ്പോൾ കോഴിക്കോട്ടനിന്നും കാസർകോട്ടേക്കു രണ്ടു ബസ്സുകളും മാത്രമാണു് ഓടിക്കൊണ്ടിരിക്കുന്നതു്. മിനിഞ്ഞാന്നുവരെയുള്ള കാര്യമാണു ഞാൻ പറയുന്നതു്. അതുകൊണ്ടു് കാസർകോട്ടനിന്നും കാഞ്ഞാങ്ങാട്ടേക്കു ഗവണ്മെന്റു വകയായി ഓടിക്കുന്ന ബസ്സുകളുടെ എണ്ണമെങ്കിലും കൂടുതലായിട്ട ഓടിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അവിടെ ട്രാൻസ്പോർട്ട ബസ്സുകളുടെ എണ്ണം കുറച്ചുകൂടി ആവശ്യമുണ്ടെന്നു കണ്ടാൽ കൂടുതൽ ബസ്സുകളും ഓടിക്കാൻ വേണ്ട ഏർപ്പാടു ചെയ്യാം.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : ട്രാൻസ്പോർട്ട ബസ്സുകളും കൂടുതൽ ഓടിക്കാൻവേണ്ടി കൂടുതൽ വണ്ടികളും വാങ്ങിച്ചുകഴിഞ്ഞിട്ടു് ഇപ്പോഴും ഓടിക്കുന്നില്ല. പാലക്കാട്ടു ഡിസ്ട്രിക്ടിൽ ഇപ്പോഴും ആവശ്യത്തിനനുസരിച്ചു് ട്രാൻസ്പോർട്ട ബസ്സുകളും ഓടുന്നില്ല. താലൂക്കു്, ഡിസ്ട്രിക്ടു് ഹെഡ്കാർട്ടേഴ്സിൽപോലും ആവശ്യത്തിനു ബസ്സുകളും ഓടുന്നില്ലാ എന്നുള്ളതുകൊണ്ടു് ആളുകളും വളരെ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു ഓടിക്കുന്നതിനു ചില നടപടിക്രമങ്ങളും എല്ലാമുണ്ടു്. അതു അനുവദിച്ചുകഴിഞ്ഞാൽ പിന്നെ ഒരു താമസവും വരികയില്ല. ട്രാൻസ്പോർട്ട ബസ്സുകളും ഓടിക്കുന്ന കാര്യത്തിൽ യാതൊരു അമാന്തവുമില്ല.

ടെമ്പററിയായി ഓടിയ സ്റ്റേറു് ട്രാൻസ്പോർട്ടബസ്സുകളും

* 525. [9] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയാണ്ടു് ഓച്ചിറ കാർത്തികവിളക്കുപ്രമാണിച്ചു് എത്ര സ്റ്റേറു് ട്രാൻസ്പോർട്ട ബസ്സുകളും ടെമ്പററിയായി ഓടി ;

(ബി) മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് ഈയാണ്ടത്തെ വരുമാനം കൂടുതലോ, കുറവോ ;

(സി) കൂടുതലാണെങ്കിൽ എത്രത്തോളം കൂടുതലുണ്ടു്; കുറവാണെങ്കിൽ എത്രമാത്രം കുറവുണ്ടു്;

(ഡി) കൊല്ലം, ആലപ്പുഴ എന്നീ രണ്ടു ജില്ലയിലെയും കണക്കുകൾ പ്രത്യേകമായി പറയുവാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 70 ബസ്സുകൾ.

(ബി) ഈയാണ്ടത്തെ വരുമാനം കുറവാണു്.

(സി) ഈരംകാല്ലം 7133.07 രൂപ കുറവുണ്ടു്.

(ഡി) കൊല്ലം ജില്ലയിൽനിന്നും 1962-ൽ 83,172.25 രൂപയും. 1963-ൽ 79,039.03 രൂപയും ലഭിച്ചു.

ആലപ്പുഴ ജില്ലയിൽനിന്നും 1962-ൽ 11,213.10 രൂപയും. 1963-ൽ 8,213.30 രൂപയും ലഭിച്ചു.

റീജിയണൽ ആഫീസുകൾ

* 526. [10] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിൽ ഇപ്പോൾ റീജിയണൽ ആഫീസും ആഫീസറന്മാരുമുണ്ടു്;

(ബി) 1960-നുശേഷം പുതുതായി ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ റീജിയണൽ ആഫീസറന്മാരുടെ തസ്തിക സൃഷ്ടിച്ചു; ഏതിലെല്ലാം നിയമനം ചെയ്തു;

(സി) റീജിയണൽ ആഫീസുകളെ സംബന്ധിച്ചു് എന്തെങ്കിലും പൊതുനയം ഗവണ്മെൻറിനുണ്ടോ; ഉണ്ടെങ്കിൽ അതു് എന്താണു്;

(ഡി) നിലവിലുള്ള എല്ലാ റീജിയണൽ ആഫീസുകളുടെയും പ്രവർത്തനം തൃപ്തികരമാണോ;

(ഈ) അതിനുള്ള കാര്യക്ഷമത കൂട്ടാനും കാലതാമസം കുറയ്ക്കാനും അവ സഹായകമായിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) പതിനെട്ടു് ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിൽ ഇപ്പോൾ റീജിയണൽ ആഫീസുകളും ആഫീസറന്മാരുമുണ്ടു്.

(ബി) 1960-നുശേഷം ഫിഷറീസു്, സോയിൽകൺസർവേഷൻ ഡയറി ഡവലപ്പുമെൻറു് സഹകരണം, പോലീസു്, വിദ്യാഭ്യാസം, സപ്ലൈ ആൻറു് ലാൻഡു് റെക്കാർഡുസു്, ഇൻസ്പെക്ടർ ഓഫു് ഫാക്ടറീസു്, നാഷണൽ എംപ്ലോയുമെൻറു് സർവ്വീസു് എന്നീ ഡിപ്പാർട്ടുമെൻറുകളിൽ റീജിയണൽ ആഫീസറന്മാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടു്. ഈ കാലയളവിൽ ഫയർ സർവ്വീസു് വകുപ്പിൽ ആകെയുള്ള മൂന്നിൽ ഒരു റീജിയണൽ ആഫീസറുടെ തസ്തികയും പൊതുജനാരോഗ്യവകുപ്പു്, നാട്ടുചികിത്സാവകുപ്പു് എന്നിവയിൽ എല്ലാ റീജിയണൽ ആഫീസറന്മാരുടെ തസ്തികകളും നിറുത്തലാക്കിയിട്ടുണ്ടു്.

(സി) റീജിയണൽ ആഫീസുകളെസംബന്ധിച്ച പ്രത്യേക പൊതുനയമൊന്നുമില്ല. ഓരോ ഡിപ്പാർട്ടുമെൻറിൻറെയും പ്രത്യേകത അനുസരിച്ചു് ഭരണക്രമം ശുപീകരിക്കുക എന്നതാണു് ഗവണ്മെൻറിൻറെ നയം.

(ഡി) പൊതുവെ തൃപ്തികരമാണു്.

(ഈ) ഉണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: പൊതുവെ തൃപ്തികരമാണെങ്കിൽ ഈ ചിലതു് നിർത്താനും, ചിലതു് പുതിയതായി സൃഷ്ടിക്കാനും കാരണമെന്താണു്?

ശ്രീ. ആർ. ശങ്കർ : ചിലതു് നിറുത്തിയിട്ടുള്ളതു് രണ്ടുതന്നെയുള്ളൂ. അതു മാത്രമാണു്. ഈ 18 എണ്ണത്തിൽ അതു വലിയ പ്രയോജനമില്ലെന്നുകണ്ടു. അതുകൊണ്ടാണു് പൊതുവെ തൃപ്തികരമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly